<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1141</u> <u>12-06-2024 - ൽ മറുപടിയ്ക്ക്</u>

<u>നാഷണൽ ഹൈവേ നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി കുടിവെള്ളം തടസ്സപ്പെടുന്നത് പരിഹരിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നാഷണൽ ഹൈവേയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കുടിവെള്ള പൈപ്പുകൾ ദിവസങ്ങളോളം തകരാറിലാകുകയും കുടിവെള്ളം തടസ്സപ്പെടുകയും ചെയ്യുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി പ്രസ്തുത പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയിലേക്കും അവരുടെ കരാറുകാർക്കും കത്തുകൾ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രശ്ന പരിഹാരത്തിനായി നിലവിൽ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ കാണിച്ചുകൊണ്ട് ജില്ലാകളക്ടർക്ക് കത്തുകൾ നൽകിയിട്ടുണ്ട്. ആയതുപ്രകാരം കളക്ടറുടെ നിർദ്ദേശപ്രകാരം സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിൽ യോഗങ്ങൾ ചേരുകയും കൂടാതെ എം. എൽ.എ മാർ വഴിയും പ്രശ്ന പരിഹാരത്തിന് ശ്രമിച്ചിട്ടുണ്ട്. നിലവിൽ എൻ.എച്ച്-ന്റെ നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ലീക്കുകൾ NHAI തന്നെയാണ് പരിഹരിക്കേണ്ടത്. എന്നാൽ കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ കേരളവാട്ടർഅതോറിറ്റി തന്നെ മുൻകൈയെടുത്ത് ലീക്കുകൾ പരിഹരിച്ച് കുടിവെള്ള വിതരണം ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (ബി) | നാഷണൽ ഹൈവേ നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി കുടിവെള്ളം തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിനായി സ്ക്വോഡ് രൂപീകരിച്ച് പ്രശ്ന പരിഹാരം നടത്താനുള്ള നടപടികൾ സ്വീകരിക്കാമോ; | (ബി) | നിലവിൽ സ്ക്വോഡ് രൂപീകരിച്ചിട്ടില്ല. നാഷണൽ ഹൈവേ നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി കുടിവെള്ളം തടസ്സപ്പെടുന്നത് മൂലം കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ പ്രത്യേക സ്കോഡ് പോലെയുള്ള സംവിധാനം നടപ്പിലാക്കാവുന്നതാണ്. |
| (സി) | മണ്ഡലത്തിൽ അതിതീവ്രമായ കുടിവെള്ളക്ഷാമം നേരിടുന്ന ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം പഞ്ചായത്തുകളുടെ പ്രശ്നപരിഹാരത്തിന് ഉതകുന്ന, നാട്ടിക കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പിടൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് നൽകാമോ; പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | നാട്ടിക ഫിർക്ക സ്കീമിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ 26 MLD ജലശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവർത്തിയും, ഗ്രാവിറ്റി ലൈൻ, പമ്പിംഗ് മെയിൻ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് 88,78,59,170/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി |

| | | | |
|---|---|---|---|
| | | | മൂന്ന് പാക്കേജുകൾ ആയിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>ഇതിൽ ഒന്നാം പാക്കേജിന് സാങ്കേതികാനുമതി അംഗീകരിച്ച് ടെണ്ടർ നടപടിയിൽ ആണ്. രണ്ടാമത്തെയും മൂന്നാമത്തെയും പാക്കേജിന് ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും സാങ്കേതികാനുമതി അനുവദിച്ചിട്ടുള്ളതാണ്. രണ്ടാമത്തെ പാക്കേജിന്റെ സാങ്കേതികാനുമതിക്ക് കിഫ്ബിയുടെ അംഗീകാരം ലാഭ്യമാകാനുണ്ട്. അംഗീകാരം കിട്ടുന്ന മുറയ്ക്ക് ടെൻഡർ ചെയ്യുന്നതാണ്.<br><br>ഇത് കൂടാതെ പഴയ AC ട്രാൻസ്മിഷൻ മെയിൻ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ (Replacement of transmission Mains in Thrissur Circle) നിന്നും 47.31 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ രാമങ്കുളം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ടാങ്ക് നിർമ്മാണവും പദ്ധതിയുടെ കൂടുതൽ പ്രദേശങ്ങളിലേക്കുള്ള വ്യാപനവും നടപ്പാക്കുന്നതിനായി അനുവദിക്കപ്പെട്ട എം.എൽ.എ. ഫണ്ട് വിനിയോഗത്തിന് പല കാരണങ്ങളാൽ നേരിടുന്ന കാലതാമസം പരിഹരിച്ച് പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ രാമർ കുളം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ടാങ്ക് നിർമ്മിക്കുന്നതിനും അനുബന്ധ പ്രവർത്തിക്കുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി എം.എൽ.എ. ഫണ്ട് ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ